സർവ്വീസ് സംഘത്തിന്റെയും ക്ഷീരോൽപാദന സഹകരണസംഘത്തിന്റെയും ഓഫീസ് കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. അതുപോലെതന്നെ ഈ നാല് പഞ്ചായത്തുകളിലും നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കിണറുകളിൽ തിരയിളക്കം ഉണ്ടാകുന്നു. ചില കിണറുകളിൽ തിരയിളക്കമുണ്ടായി കഴിഞ്ഞാൽ ആ കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ ദുർഗന്ധം വമിക്കുന്നു. ചില കിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസമുണ്ട്. താമരക്കുളം, ചുനക്കര, നൂറനാട് പാലമേൽ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് അതീവ ഭീതിയാണുള്ളത്. അവിടെയുണ്ടായിട്ടുള്ള സംഭവത്തെക്കുറിച്ച് ശാസ്ത്രീയമായ ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതുപോലെതന്നെ ദേവാലയങ്ങൾ, ഓഫീസുകൾ, സഹകരണസ്ഥാപനങ്ങൾ വാട്ടർ സപ്ലൈ സ്കീമുകൾ എന്നിവയ്ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ച് വളരെ വിശദമായ അന്വേഷണവും പഠനവും നടത്തണം. വീടുകൾ ഭാഗികമായും പൂർണ്ണമായും തകർന്നു. താമസിക്കാൻ കഴിയാത്ത രീതിയിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇവർക്കൊക്കെ യഥാർത്ഥ നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് നടപടികളെടുക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ആലപ്പുഴ ജില്ലയിലെ താമരക്കുളം, ചുനക്കര, തെക്കേക്കര, വള്ളിക്കുന്നം എന്നീ വില്ലേജുകളിൽപ്പെട്ട ചില സ്ഥലങ്ങളിൽ 17-2-2001, 18-2-2001 എന്നീ ദിവസങ്ങളിൽ ചെറിയ തോതിലുള്ള ഭൂമികുലുക്കം അനുഭവപ്പെടുകയുണ്ടായി. 150 -ഓളം വീടുകൾക്ക് ഭാഗീകമായി കേടുപാടുകളുണ്ടായിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 10 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തിലെ രണ്ട് ശാസ്ത്രജ്ഞന്മാർ 24-2-2001 -ൽ ഈ പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ഇക്കാര്യത്തിൽ ഭീതി വേണ്ട എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തുണ്ടാകുന്ന ഭൂചലനങ്ങളെല്ലാം ഗുജറാത്തിലുണ്ടായ ഭൂചലനത്തിന്റെ തുടർചലനങ്ങൾ ആണെന്നാണ് വിദഗ്ധാഭിപ്രായം. ഇതുസംബന്ധിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(4) മുസ്ലീം മതത്തെ ഭാരതവത്ക്കരിക്കണമെന്ന ആവശ്യം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഇൻഡ്യാ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ്. ലോകത്തിന്റെ മുന്നിൽ
10 A.M.] മതേതരത്വവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയ്ക്കും മതേതരത്വത്തിനും എതിരായി ഫാസിസ്റ്റ് സംഘടനകൾ ഉയർത്തുന്ന ഭീഷണികൾ ചെറുതല്ല. അടുത്തദിവസം ഭുവനേശ്വറിൽവച്ച് ആർ. എസ്. എസ്. നേതാവ് ശ്രീ. സുദർശനൻ മുസ്ലീങ്ങളുടെ പേരുകൾ മാറ്റണമെന്നും ഭാരതവൽക്കരിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇത് ഫാസിസ്റ്റ് സംഘടനകളുടെ പുതിയ വാദഗതികളൊന്നുമല്ല. എന്നാലും ഇത് കണ്ടില്ല കേട്ടില്ല എന്നു നടിക്കുന്നത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അപകടകരമായ സ്ഥിതിവിശേഷം ഉണ്ടാകും. രാജ്യത്തിന്റെ പൈതൃകവും

LIBRARY ARCHIVES Kerala Legislative Assembly

സംസ്കാരവും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുമ്പോൾ ഇതുപോലുള്ള പ്രസ്ഥാനങ്ങളേയും സംഘടനകളേയും നിയന്ത്രിക്കേണ്ടത് അനിവാര്യമായ ഒരു കാര്യമാണ്. പേരിലല്ല എല്ലാം ഉൾക്കൊള്ളുന്നത്. മഹാത്മാഗാന്ധിയുടെ പേര് മോശമായതുകൊണ്ടോ ഭാരത സംസ്കാരത്തിന് എതിരായതുകൊണ്ടോ അല്ല ഫാസിസ്റ്റുകാർ അദ്ദേഹത്തെ വധിച്ചത്. ആശയത്തോടുള്ള എതിർപ്പ് കൊണ്ടാണ്. നമ്മുടെ രാജ്യം അലാമാ മുഹമ്മദ് ഇക്ബാൽ പറഞ്ഞതുപോലെ ഒരു പൂങ്കാവനമാണ്. ഈ പൂങ്കാവനത്തിൽ വിടർന്നുനിൽക്കുന്ന പുഷ്പങ്ങളാണ് ഇവിടത്തെ ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ബുദ്ധമതക്കാരനും ജൈനമതക്കാരനുമെല്ലാം. അവർക്ക് അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചുകൊണ്ടുതന്നെ ദേശീയതാൽപ്പര്യമുള്ള ഭാരതീയരായി ജീവിക്കാൻ കഴിയണം. ഭാരതീയരായി ജനിക്കുകയും വളരുകയും ചെയ്യുന്ന മതന്യൂനപക്ഷങ്ങളെ മറ്റ് നിലയ്ക്ക് കാണുന്നത് വേദനാജനകമാണ്. ഇത്തരം സാഹചര്യത്തിൽ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും ഇത് ഗൗരവമായി എടുക്കുകയും ഇതിനെ നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന് നേരെ കടുത്ത വെല്ലുവിളി ഉയർത്തികൊണ്ട് ഇസ്ലാം മതവും ക്രിസ്തുമതവും ഭാരതവൽക്കരിക്കണമെന്ന അപകടകരമായ പ്രഖ്യാപനം ആർ. എസ്. എസ്. നേതാക്കന്മാർ തുടരേ നടത്തിക്കൊണ്ടിരിക്കുകയാണ്. ആർ. എസ്. എസ്. നേതാവ് ശ്രീ. സുദർശനനൻ അടുത്ത കാലത്ത് നടത്തിയ പ്രസ്താവന മുസ്ലീം ജനവിഭാഗം ആകെ ഭീതിജനകമായി കണക്കാക്കുന്നു. മതനിരപേക്ഷതയുടെ മൂല്യങ്ങളെ വിലമതിക്കുന്ന ആരിലും ഉൽക്കണ്ഠയുളവാക്കുന്ന ഇത്തരം സംഭവങ്ങൾ ദേശീയതലത്തിൽ തുടരെ നടക്കുകയാണ്. അയോധ്യയിലെ തർക്കസ്ഥലത്ത് രാമക്ഷേത്രം നിർമ്മിക്കുക എന്നത് ദേശീയവികാരമാണെന്ന പ്രധാനമന്ത്രി ശ്രീ. എ. ബി. വാജ്പേയിയുടെ ഡിസംബർ 6-ന്റെ പ്രസ്താവന. മുസ്ലീങ്ങൾക്കു വോട്ടവകാശം നിഷേധിക്കണമെന്ന ശിവസേനാ നേതാവ് ശ്രീ. ബാൽതാക്കറേയുടെ ആവശ്യം, അതിനെ താൻ സർവശക്തിയുമുപയോഗിച്ച് പിന്തുണയ്ക്കുന്നുവെന്ന വിശ്വഹിന്ദുപരിഷത്ത് നേതാവ് ശ്രീ അശോക് സിംഗാളിന്റെ പ്രഖ്യാപനം, കൂടുതൽ മസ്ജിദുകൾ തകർത്ത് ക്ഷേത്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട് എന്ന ബജ്രംഗദൾ നേതാവ് ശ്രീ വിനയകത്യാറിന്റെ ആവശ്യം, മാർച്ച് 12-ന് തർക്കസ്ഥലത്ത് ക്ഷേത്രം പണി തുടങ്ങും എന്ന വി. എച്ച്. പി. ധർമ്മ സംസദിന്റെ വിളംബരം, ഇതര സമുദായങ്ങളെയാകെ ഭാരവൽക്കരിക്കണമെന്ന ആർ. എസ്. എസ്. സർസംഘചാലക് ശ്രീ. കെ. എസ്. സുദർശന്റെ ആഹ്വാനം എന്നിങ്ങനെ രാഷ്ട്രത്തിന്റെ ഐക്യത്തെയും ജനങ്ങളുടെ ഒരുമയെയും ഹാനികരമായി ബാധിക്കാനിടയുള്ള സംഭവങ്ങൾ ഏറുകയാണ്. വിവിധങ്ങളായ മതങ്ങളും വിശ്വാസങ്ങളും ഭാഷകളും സംസ്കാരങ്ങളും ആചാരരീതികളും സമാധാനപരമായി സഹവർത്തിക്കുന്നുവെന്നതാണ് ഈ വലിയ രാജ്യത്തിന്റെ ഐക്യത്തിന്റെ അടിസ്ഥാനം. ഇതിൽ എന്തെങ്കിലുമൊന്ന് സ്വന്തം വിശ്വാസപ്രമാണങ്ങൾ ഇതര വിഭാഗങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചു തുടങ്ങിയാൽ ഐക്യം തകരുകയായി. ഇന്ത്യയുടെ തകർച്ച സ്വപ്നം കാണുന്ന സാമ്രാജ്യത്വ ശക്തികളുടെ താൽപ്പര്യമാണത്.

LIBRARY ARCHIVES Kerala Legislative Assembly

ആ താൽപ്പര്യം നിർവഹിച്ചുകൊടുക്കാനുള്ള പുറപ്പാടിലാണ് സംഘ്പരിവാർ. ആര്യവംശത്തിനു കീഴ്പെട്ട് ഇതരവിഭാഗങ്ങളെല്ലാം കഴിഞ്ഞുകൊള്ളണമെന്നു ശഠിച്ച ഹിറ്റ്ലറുടെയും മുസോളിനിയുടെയും തന്ത്രമാണ് ഇവിടെ സംഘ്പരിവാർ പയറ്റാൻ നോക്കുന്നത്. ഫാസിസത്തിന്റെയും നാസിസത്തിന്റെയും ആര്യവൽക്കരണ വംശമേധാവിത്വ സിദ്ധാന്തത്തിൽ നിന്നും ഭിന്നമല്ല സംഘ്പരിവാറിന്റെ ഹിന്ദുവൽക്കരണം. ഭാരതവൽക്കരണം എന്ന പദത്തിനു പിന്നിൽ ഒളിഞ്ഞു നിൽക്കുന്നത് ഹൈന്ദവവൽക്കരണമാണെന്നും അത് ജനാധിപത്യമതനിരപേക്ഷ സമൂഹത്തിനു നിരക്കാത്ത ബലപ്രയോഗത്തിന്റെ ഫാസിസ്റ്റ് നീക്കമാണെന്നും കാണാൻ വിഷമമില്ല. രാഷ്ട്രത്തെ മതത്തിന്റെ പര്യായമായി കാണുന്ന ഈ നിലപാട് ആർ. എസ്. എസ്. സ്ഥാപിതമായ 1925 -ൽ തന്നെ വി. ഡി. സവർക്കർ പ്രസിദ്ധീകരിച്ച 'ഹിന്ദുത്വ' എന്ന കൃതിയിലൂടെ മുമ്പോട്ടുവച്ച ആശയമാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു വ്യത്യസ്ത ജനതകളാണെന്ന് അതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് എത്ര വിപൽക്കരമായി എന്നതിന്റെ ചോര പുരണ്ട തെളിവുകളാണ് ഇന്ത്യാവിഭജനവും അതുമായി ബന്ധപ്പെട്ടുണ്ടായ നിഷ്ഠൂരമായ മുനഷ്യക്കുരുതികളും. ഇന്ത്യയെ കൂടുതൽ വിഭജിച്ചെടുക്കാനുള്ള വഴിയുമായി പിന്നീട് ഇതേ ആശയം ശക്തമായി മുമ്പോട്ടുകൊണ്ടുവന്നത് 1969-ൽ ബൽരാജ് മധേക്കറാണ് ജനസംഘത്തിന്റെ പ്രസിഡന്റ്. മതനിരപേക്ഷശക്തികൾ സംയുക്തമായി ശ്രമിച്ച് ആ വാക്ക് പറയാനാവാത്ത സ്ഥിതിയിലേക്ക് പിന്നീട് ജനസംഘത്തിനെ ഒറ്റപ്പെടുത്തി. മുസ്ലീമും ക്രിസ്ത്യാനിയും ഒന്നും രാജ്യസ്നേഹികളല്ല എന്ന കുപ്രചരണം നടത്താനുദ്ദേശിച്ചുള്ളതാണ് ഇപ്പോൾ വീണ്ടും കൊണ്ടുവന്നിട്ടുള്ള ഭാരതവൽക്കണവാദം. ഹിന്ദുവും സിഖും മുസ്ലീമും ഒക്കെ തോളോടുതോൾ ചേർന്നുനിന്നു പൊരുതിയാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിയത് എന്നും ആ സ്വാതന്ത്ര്യം നിലനിർത്താൻ ഉള്ള ഏകമാർഗം ഈ ഐക്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുക എന്നതാണ് എന്നും ഇവർ അറിയണം. ഇവരുടെ ശ്രമങ്ങൾ ഇന്ത്യയെ ഛിദ്രീകരിക്കുന്നതാണ് എന്നു ജനങ്ങൾ തിരിച്ചറിയണം. മതനിരപേക്ഷതക്കെതിരായ വർഗീയവാദത്തിന് തീവ്രത പകരാൻ പ്രധാനമന്ത്രി ശ്രീ. വാജ്പേയിയും ആഭ്യന്തരമന്ത്രി ശ്രീ. എൽ. കെ. അദ്വാനിയും തന്നെ രംഗത്തു വന്നിരിക്കുന്നുവെന്നതാണ് ഏറെ ആപൽക്കരമായ അവസ്ഥ. ശ്രീ. അദ്വാനി ആർ. എസ്. എസ്. നിരകളിൽനിന്നു പ്രതിജ്ഞയെടുത്തതിനു തൊട്ടുപിന്നാലെയാണ് ശ്രീ. വാജ്പേയി അമേരിക്കയിലെ സ്റ്റേറ്റൻ ദ്വീപിൽചെന്ന് തന്റെ ജീവിതം ആർ. എസ്. എസിനു നീക്കി വച്ചതാണെന്നും അവരുടെ ലക്ഷ്യം തന്റെ ലക്ഷ്യമാണെന്നും പ്രഖ്യാപിച്ചത്. പിന്നീട് ബാബറി മസ്ജിദ് നിലനിന്നിടത്തു ക്ഷേത്രം നിർമ്മിക്കുക എന്നത് ദേശീയ വികാരമാണെന്നു പ്രഖ്യാപിച്ചപ്പോൾ ശ്രീ. വാജ്പേജി പ്രധാനമന്ത്രി സ്ഥാനത്തു നിന്ന് ആർ. എസ്. എസ്. കർസേവക്കാരന്റെ വ്യക്തിത്വത്തിലേക്ക് ചുരുങ്ങുക ആയിരുന്നു. തർക്കസ്ഥലത്തിന്റെ പട്ടയം സംബന്ധിച്ച ഉടമസ്ഥാവകാശംപോലും അലഹബാദ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിനു മുന്നിൽ നിലനിൽക്കുമ്പോഴാണ് ജുഡീഷ്യറിയെപ്പോലും ധിക്കരിക്കുംവിധം പ്രധാനമന്ത്രി ഇങ്ങനെയൊരു പ്രഖ്യാപനം നടത്തിയത്. ബാബറിമസ്ജിദ് തകർത്ത കേസിൽ കോടതി കുറ്റപത്രം നൽകിയ ശ്രീ. എൽ. കെ. അദ്വാനി ശ്രീ. മുരളീമനോഹർ ജോഷി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമാഭാരതി എന്നിവരെ മന്ത്രിസഭയിൽ തുടരാനനുവദിക്കുന്നതിനു പിന്നിലും ഇതേപോലുള്ള അവജ്ഞയാണദ്ദേഹത്തിന് കോടതിയോടുള്ളത് എന്നു വ്യക്തമാക്കുന്നു. ഹിന്ദുത്വത്തിന്റെ പേരിലുള്ള വർഗീയവാദശക്തികൾ കൂടുതൽ അസഹിഷ്ണുക്കളാവുകയാണ്. ഒറീസയിൽ ഗ്രഹാംസ്റ്റെയിൻസിനെ രണ്ടു പിഞ്ചു മക്കളോടൊപ്പം ചുട്ടുകൊന്ന ദുഷ്ടശക്തികൾ ഉത്തരേന്ത്യയിൽ വ്യാപകമായി പള്ളികൾക്കും മസ്ജിദുകൾക്കും നേർക്ക് ആക്രമണമഴിച്ചുവിടുകയാണ്. ബൈബിൾ വലിച്ചുകീറിയും കുരിശുതകർത്തും കന്യാസ്ത്രീകളെ മാനഭംഗം ചെയ്തും അവരുടെ മഠങ്ങൾ തകർത്തും മിഷനറികളെകൊന്നും ഇവർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയാണ്. എം.എഫ്. ഹുസൈന്റെ ചിത്രപ്രദർശനമുള്ള ഹാളിന് നേർക്കും 'ഫയർ' സിനിമ നടക്കുന്ന തിയേറ്ററിനുനേർക്കും 'വാട്ടർ' എന്ന സിനിമയുടെ സൈറ്റിനുനേർക്കും ഇവർ ആക്രമണം നടത്തി. അസഹിഷ്ണുത സാംസ്ക്കാരിക ഫാസിസമായി പടരുകയാണ്. പൊളിച്ചതു പള്ളിയോ അമ്പലമോ എന്നു നിശ്ചയമില്ല എന്നു കൈമലർത്തുന്ന ശ്രീ. നരസിംഹറാവുവിന്റെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും സമീപനങ്ങൾ ഇവരുടെ നേർക്കു വിട്ടുവീഴ്ച ചെയ്യുന്നതാണ്. അടച്ചുപൂട്ടിയിട്ടിരുന്ന ബാബറി മസ്ജിദ് ഹിന്ദുക്കൾക്കു മാത്രമായി തുറന്നുകൊടുത്തതും അവിടെ ആരാധന അനുവദിച്ചതും ശിലാന്യാസത്തിലൂടെ ക്ഷേത്ര നിർമ്മാണത്തിനു തറക്കല്ലിടാനനുവദിച്ചതും കർസേവയിലൂടെ ആ തറക്കല്ല് ഒരു മണ്ഡപമായി വളരാൻ വഴിവച്ചതും ഒടുവിൽ ഇന്ത്യൻ മതനിരപേക്ഷതയുടെ പ്രതീകമായി ഉയർന്നുനിന്നിരുന്ന ബാബറി മസ്ജിദ് വി. എച്ച്.പി - ആർ. എസ്. എസ്. - കർസേവകർ ഇടിച്ചു നിരത്തിയപ്പോൾ കൈകെട്ടി നോക്കിയിരുന്ന് അതിന്റെ സമ്പൂർണ തകർച്ച അനുവദിച്ചു കൊടുത്തതും കോൺഗ്രസ് (ഐ) ആണെന്നത് ചരിത്രസത്യമാണ്. ഹിന്ദു വോട്ടുകൾ നേടാൻ കോൺഗ്രസ് (ഐ) ബി. ജെ. പി. യോട് മത്സരിക്കുകയായിരുന്നു. അപ്പോഴൊക്കെ വോട്ടുബാങ്ക് നോക്കി മതനിരപേക്ഷതയിൽ വിട്ടുവീഴ്ച കാട്ടുന്നവർക്കും അവർക്കൊപ്പം നിൽക്കുന്നവർക്കും ഇന്ത്യയുടെ നേർക്കുയരുന്ന കരാളമായ വർഗീയ ഫാസിസ്റ്റ് ഭീഷണിയുടെ ഭയങ്കരത കാണാനും അതു തിരിച്ചറിയാനും ഇനിയെങ്കിലും കഴിയണം. മതനിരപേക്ഷതയ്ക്കുവേണ്ടി പൊരുതുന്നവരെയും മതനിരപേക്ഷതയുടെ കാര്യത്തിൽപോലും വോട്ടുനോക്കി വിട്ടുവീഴ്ച കാട്ടുന്നവരേയും വേർതിരിച്ചുകാണാൻ മതന്യൂനപക്ഷങ്ങൾക്കു വേണ്ടി എന്ന മട്ടിൽ നിലകൊള്ളുന്നവർ തയ്യാറാകണം. അങ്ങനെ, രാഷ്ട്രീയാതീതമായി മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള ഒരു യോജിപ്പുണ്ടാവണം. രാജ്യം നേരിടുന്ന വർഗീയ ഫാസിസ്റ്റ് ഭീഷണികളെ പരാജയപ്പെടുത്തുന്നതിന് മതേതര ജനാധിപത്യ വിശ്വാസികളായ ജനങ്ങൾ ഒത്തൊരുമിച്ച് മുന്നോട്ടുവരേണ്ടതാണ്.

(5) ആലുവയിൽ നടന്ന കൂട്ടക്കൊലപാതകം

ശ്രീ. കെ. മുഹമ്മദാലി : സർ, നമ്മുടെ നാടിനെ നടുക്കിയ ആലുവയിലെ കൂട്ടക്കൊലപാതകത്തിന്റെ അന്വേഷണത്തിൽ പൂർണമായ ദുരൂഹത പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇന്ന് നടന്നുവരുന്ന അന്വേഷണത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേസന്വേഷണം കാര്യക്ഷമമായി കൊണ്ടുവരാൻ കഴിയത്തക്കനിലയിൽ വൈദഗ്ദ്ധ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly